പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2069 — 08.12.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അച്ചുതൻ<br>,, ഹൈബി ഈഡൻ<br>,, റ്റി.എൻ. പ്രതാപൻ<br>,, എം.എ. വാഹീദ് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | സി) യും (ഡി) യും | മിഷൻ 676 ൽ ഉൾപ്പെട്ട സൈബർ ഡോം പദ്ധതി, റീജിയണൽ ഫോറൻസിക് ലാബ് കൊച്ചി എന്നിവയ്ക്ക് ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. മറ്റ് പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | വിഷയം | സ്വീകരിച്ച നടപടി |
|---|---|---|
| | **നിർഭയകേരളം സുരക്ഷിത കേരളം :** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അക്രമപ്രവർത്തനങ്ങൾ തടഞ്ഞ് അവർക്ക് സുരക്ഷിതത്വം നൽകുന്നതിനായി നിർഭയകേരളം സുരക്ഷിത കേരളം എന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് | പരിശോധിച്ചുവരുന്നു. |
| | **സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം:** സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം പ്ലസ് ടു തലം വരെയുള്ള കേരളത്തിലെ മുഴുവൻ സ്കൂളുകളിലും നടത്തുന്നത് സംബന്ധിച്ച് | പരിശോധിച്ചുവരുന്നു. |
| | **പോലീസ് യൂണിവേഴ്സിറ്റി :** എം.ആർ മേനോൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പോലീസ് യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സംബന്ധിച്ച് | ക്യാബിനറ്റ്~~ിൽ വയ്ക്കുന്ന രീതിയിലാണ്~~ പിന്നീട് പരിഗണിക്കാൻ മാറ്റിവച്ചു. |
| | **സൈബർ ഡോം പദ്ധതി:** വർദ്ധിച്ച് വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഐ.റ്റി. കമ്പനികളുടെ സഹകരണത്തോടെ പി.പി.പി. മോഡലിൽ സൈബർ ഡോം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് | ഭരണാനുമതി നൽകി |
| | **റീജയണൽ ഫോറൻസിക ലബോറട്ടറി, കോട്ടയം :** കോട്ടയത്ത് പുതിയതായി ഒരു റീജിയണൽ ഫോറൻസിക് ലബോറട്ടറി കൂടി സ്ഥാപിക്കുന്നത് സംബന്ധിച്ച് | ഭരണാനുമതി നൽകി |
| | **സ്മാർട്ട് കോപ്പ് :** കുറ്റാന്വേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പോലീസുകാർക്ക് ടാബ്ലെറ്റ് കമ്പ്യൂട്ടർ നൽകുക എന്ന ഈ പദ്ധതി കെൽട്രോണുമായി സഹകരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് | ഉപേക്ഷിച്ചു |
| | **പുതിയ പോലീസ് സബ് ഡിവിഷൻ, കൺട്രോൾ റൂം :** കഴക്കൂട്ടം ആസ്ഥാനമായി ഒരു പുതിയ പോലീസ് സബ് ഡിവിഷനും, കാഞ്ഞങ്ങാട്, കാസർഗോഡ്, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ പുതിയ പോലീസ് കൺട്രോൾ റൂമുകളും ആരംഭിക്കുന്നത് സംബന്ധിച്ച് | പുതിയ പ്രപ്പോസൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ